സാഹിബ് ബഹദൂർ ചേലാതി റാവുത്തർ: തിരുവിതാംകൂറിൽ പർച്ചേസിനുവേണ്ടി ഉദ്യോഗസ്ഥന്മാർ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂർ ഡിവിഷനിൽ ചില ഭാഗത്തു് പർച്ചേസിനു വേണ്ടി കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ ചേലാതി റാവുത്തർ: പർച്ചേസ് നടത്തുന്നതിനു് ഈ ഉദ്യോഗസ്ഥന്മാർ വേണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലെടുപ്പു നടത്തുന്നതിനു് ഉദ്യോഗസ്ഥന്മാർ വേണം.

ശ്രീ. പി. കെ. ഡീവർ: ഈ പർച്ചേസ് അസിസ്റ്റൻറിൻെറ ജോലി എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ വില്ലേജിലുമുള്ള നിലമടമസ്ഥന്മാരുടെ ക്രോപ്പ് അസ്സസ്സ് ചെയ്യുക ഡിമാൻഡ് തയാറാക്കുക തുടങ്ങിയ കാര്യങ്ങളിൽ പാവു്ത്യകാരന്മാരോടു് സഹകരിച്ചു് മേലനേഷണം നടത്തുകയാണു്.

നല്ലേപ്പിള്ളി—വണ്ണാമട റോഡു്

*൯൪൦. (൨൪) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കിലെ നല്ലേപ്പിള്ളി—വണ്ണാമടറോഡു് അകപ്രിസിഷൻ പുത്തിയാക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ? ആ റോഡിൻെറ സ്ഥിതി എന്താണെന്നു ഗവണ്മെണ്ടു് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അകപ്രിസിഷൻ പുത്തിയാക്കുന്നതിനു് പ്രത്യേക തടസ്സമൊന്നുമില്ല. മിക്കവാറും സ്ഥലങ്ങൾ എടുത്തു കഴിഞ്ഞിട്ടുണ്ടു്. ബാക്കിയുള്ള സ്ഥലവിലകൊടുത്തുതിക്കാൻ നടപടികൾ എടുക്കുകയാണു്. റോഡു് പണിയുന്നതിനുള്ള എസ്റ്റിമെറു തയ്യാറാക്കിയിട്ടുണ്ടു്. തമസിയാതെ ടെൻറർ ക്ഷണിച്ചു പണി തുടങ്ങുന്നതാണു്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഈ റോഡു് പഞ്ചായത്തിൻെറ കീഴിലാണോ?

ശ്രീ. ഇ. ജാൺഫിലിപ്പോസ്: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കേശവൻ കമ്മിറ്റി റിപ്പോർട്ടു്

*൯൫൨. (൨൪) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസവകുപ്പിനെയും ടെക്സ്റ്റ് ബുക്കുകളുടെ അംഗീകരണത്തെയും സംബന്ധിച്ചു കേശവൻ കമ്മിറ്റി ഗവണ്മെണ്ടിലേക്കു് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്ര കാലമായി;

(സി) അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു പ്രസ്താവിക്കാമോ?

(ഡി) ആ നിർദ്ദേശങ്ങൾ ഗവണ്മെണ്ടു് സ്വീകരിച്ചു നടപ്പിൽ വരുത്തിയിട്ടുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഉണ്ടു്.

(ബി) ഏഴുമാസക്കാലമായി.

(c) (i) That the preparation, printing and publication of text books be taken over by the Government.

(ii) That a Board of Education be constituted with not more than eleven educationists;

(iii) That this Board be made responsible for prescribing.....

Mr. Speaker: Is it a long list of recommendations?

Sri. Panampilli Govinda Menon: Yes, Sir.

Mr. Speaker: That may be placed on the table.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (ഡി) ഇതുസംബന്ധിച്ചു് അവസാന തീരുമാനമുണ്ടായിട്ടില്ല.

സാഹിബ് ബഹദൂർ മഹമ്മദു് മുസ്തഫാ: എന്തുകൊണ്ടാണു് തീരുമാനം എടുക്കുന്നതിനു് ഇത്ര കാലതാമസം വന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ റിപ്പോർട്ടിൽ പറയുന്ന മിക്ക സംഗതികളും ഓരോന്നോരോന്നായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: ബോർഡ് ഓഫ് എഡ്യുക്കേഷൻ കാൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ നാമധേയത്തിൽ കാൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ആ റിപ്പോർട്ടിൽ പറയുന്ന സംഗതികൾ ഈ വർഷത്തിൽ തന്നെ നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ കാര്യവും അംഗീകരിച്ചു നടപ്പിൽ വരുത്തുന്നുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് ഒരു ബോർഡ് വേണമെന്നു പറയുന്നുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ആയിട്ടില്ല.

B. Written Answers

'തിരുവിതാംകൂർ-കൊച്ചി വിദ്യാഭ്യാസ ഉപദേശകബോർഡ്'

*൯൫൩. (൨൮) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) 'തിരുവിതാംകൂർ-കൊച്ചി വിദ്യാഭ്യാസ ഉപദേശകബോർഡ്' എന്നൊരു സമിതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എപ്പോൾ രൂപീകരിച്ചു എന്നും അംഗങ്ങൾ ആരെല്ലാം എന്നും പ്രസ്താവിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ഇല്ല.

(ബി) എ. വിഭാഗത്തിന്റെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

EDITORIAL BOARD

*953. [28] **Sri. N. V. Chacko:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) whether an Editorial Board and 16 committees for preparing text books were constituted by the Director of Public Instruction under sanction of the Government in letter ROC. No. 4794/46 Edn. dated 4th December 1946;

(*b*) who were appointed as members for Domestic Science Committee for writing books for the High School classes;

(*c*) whether any or all of the members were offered rupees one thousand each as remuneration for their work in connection with writing of text books;

(*d*) whether manuscript on "Home Science and First Aid" to be included in the Domestic Science Book for Form IV was received from any such member 8th December 1948;

(*e*) whether that member applied to the Director of Public Instruction on 20th January 1950 for the remuneration of the rupees one thousand;

(*f*) whether that amount was paid to the member as yet?

Sri. Panampilli Govinda Menon:

(*a*) Yes.

(*b*)

1. Dr. P. Kumaran Nayar, District Health Officer, Trivandrum (Convener).
2. Mrs. Mariamma Mathew, Christava Mahilalayam, Alwaye.
3. Sri. A. Padmanabhan, Teacher, English High School, Quilon.
4. Sri. S. Kumaravelu, formerly Assistant Inspector of Schools, Thuckalay.

(*c*) Yes. All the members were offered Rs. 1,000 each as remuneration.

(*d*) The manuscript on "Home Nursing and First Aid" (not Home Science and First Aid) written by Mrs. Mariamma Mathew was received on 8th December 1948.

(*e*) Yes.

(*f*) No.

LIBRARY ARCHIVES Kerala Legislative Assembly